**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 488</u>** **<u>09-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ എം നൗഷാദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ സംഘങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് നൂതന സാങ്കേതിക പരിജ്ഞാനവും മേഖലയെക്കുറിച്ച് സമഗ്രമായ അറിവുമുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (എ) | സഹകരണ മേഖലയിലെ സംഘങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി സഹകരണ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് സഹകരണ ചട്ടം 186 പ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ അടിസ്ഥാനമാക്കിയും വിവിധ തസ്തികകളിലേയ്ക്ക് പരീക്ഷ നടത്തുന്നതിനായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന് സർക്കാർ അംഗീകരിച്ച് നല്കിയ സിലബസ്സ് പ്രകാരവും കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്തി കഴിവുറ്റ ഉദ്യോഗാർത്ഥികളെ സഹകരണ പരീക്ഷാ ബോർഡ് വഴി നിയമിക്കുന്നു. ഇതിനു പുറമേ ആധുനിക സാങ്കേതിക വിദ്യയ്ക്കനുസരണമായി കാലതാമസം ഒഴിവാക്കുന്നതിനും സുതാര്യമായ പരീക്ഷാ സംവിധാനം നടപ്പിലാക്കുന്നതിനുമായി സഹകരണ പരീക്ഷാ ബോർഡ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്. |
| (ബി) | ഈ ലക്ഷ്യം മുൻനിർത്തി പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സർവീസിൽ പ്രവേശിക്കുന്ന ഘട്ടത്തിൽ തന്നെ പരിശീലനം നൽകുന്നതിനായി പദ്ധതി നടപ്പാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ബി) | സഹകരണ മേഖലയിൽ പുതുതായി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സർവ്വീസിൽ പ്രവേശിക്കുന്ന ഘട്ടത്തിൽ തന്നെ ഒരു ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. |
| (സി) | സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (സി) | സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>i.വിവിധ തസ്തികകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും തുടർന്ന് പരീക്ഷകൾ നടത്തുന്നത് സംബന്ധിച്ചും പരീക്ഷാകലണ്ടർ പ്രസിദ്ധീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ii.വിവിധ വിജ്ഞാപനങ്ങൾ അടിസ്ഥാനമാക്കി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിന് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കി.<br><br>iii.ഉദ്യോഗാർത്ഥികൾക്ക് വൺടൈം രജിസ്ട്രേഷൻ നിർബന്ധമാക്കി.<br><br>iv.ജൂനിയർ ക്ലാർക്ക്, ടൈപ്പിസ്റ്റ് ഒഴികെയുള്ള തസ്തികകളിലേക്കുള്ള മത്സരപരീക്ഷകൾ ഓൺലൈനായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു. മത്സരപരീക്ഷകൾ കൂടുതൽ സുതാര്യമാക്കുന്നതിനും പരീക്ഷ റിസൾട്ട് വേഗത്തിൽ പ്രസിദ്ധീകരിച്ച് നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഇതിലൂടെ സാധിച്ചിട്ടുണ്ട്.<br><br>v.ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് നടത്തിയ പരീക്ഷയുടെ അന്തിമയോഗ്യതാ പട്ടിക പരീക്ഷ നടന്ന് ഒരു മാസത്തിനകം പ്രസിദ്ധീകരിക്കുവാൻ സാധിച്ചു.<br><br>vi.റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം നിയമന ശുപാർശകൾ നൽകുന്നതിലെ സാങ്കേതിക പ്രശ്നം പരിഹരിക്കുന്നത് ലക്ഷ്യമിട്ട് വിവിധ ജില്ലകളിലായി റാങ്ക് ഹോൾഡേഴ്സിന്റെ കൗൺസിലിംഗ് സംഘടിപ്പിച്ചു. ഒന്നിലേറെ സംഘം/ ബാങ്കുകളിൽ നിയമനം ലഭിച്ചവരുമായി ആശയ വിനിമയം നടത്തി കൗൺസിലിങ്ങിലൂടെ അർഹരായവർക്ക് നിയമന ശുപാർശ നൽകി വരുന്നു. ഇതിലൂടെ നിയമന കാര്യത്തിൽ സഹകരണ സംഘങ്ങളും ഉദ്യോഗാർത്ഥികളും അനുഭവിച്ച വരുന്ന കാലതാമസം ഒഴിവാക്കി എടുക്കുന്നതിന് വലിയൊരളവിൽ സാധിച്ചിട്ടുണ്ട്. |
| (ഡി) | അന്തിമ യോഗ്യതാ പട്ടികയിലുള്ളവരെ ഇന്റർവ്യൂ നടത്തി മാർക്ക് രേഖപ്പെടുത്തി അയയ്ക്കുന്നതിന് ചില സംഘങ്ങളിൽ നിന്നുണ്ടാകുന്ന കാലതാമസം കാരണം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പരീക്ഷാ ബോർഡിൽ നിന്നും റാങ്ക് പട്ടിക ലഭിച്ചുകഴിഞ്ഞാൽ അഭിമുഖം നടത്തുന്നതിനും, അഭിമുഖത്തിന് മാർക്ക് രേഖപ്പെടുത്തിയ പട്ടിക സംഘം ഭരണസമിതി പരീക്ഷ ബോർഡിന് സമർപ്പിക്കുന്നതിനും നിലവിലുള്ള സമയപരിധി കുറക്കുന്നതിനായി സഹകരണ ചട്ടം 182 ൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ